പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **3107** 20.12.2012-ൽ മറുപടിക്ക്

## ഭൂമി രജിസ്റ്റർ ചെയ്ത സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(ഉദുമ) | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മഞ്ചേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ വിദേശ പൗരൻ ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) Mr. Daniel Aziz Georges Malicner എന്ന ഫ്രഞ്ച് പൗരൻ മാത്രം ഡയറക്ടർ ആയിട്ടുള്ള PHILAUVIA HEALING SPA AND RESORT, PRIVATE LIMTED എന്ന സ്ഥാപനത്തിന്റെ പേരിൽ, കാസർഗോഡ് താലൂക്കിൽ, ഉപ്പള വില്ലേജിൽ ഉൾപ്പെട്ട 08 ഏക്കർ 59 സെന്റ് സ്ഥലവും കെട്ടിടവും രജിസ്റ്റർ ചെയ്തു കൊടുത്തിട്ടുണ്ട്. ടി സ്ഥലം അറബിക്കടലിനു തീരത്ത് (Coastal Belt) റോഡ് സാമീപ്യമുള്ളതാണ്. |
| (സി) ഈ സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) ടി വിഷയവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലാ രജിസ്ട്രാർ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സബ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന ഹെഡ് ക്ളാർക്ക് ശ്രീ. എം.കെ. ഷുക്കൂറിനെ ഇതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സസ്പെന്റ് ചെയ്തിട്ടുണ്ട്.<br>ഇക്കാര്യത്തിൽ വകുപ്പേതര അന്വേഷണം നടത്തേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ